## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 918 01.03.2017-ലെ മറുപടി**

**കോതമംഗലം മണ്ഡലത്തിലെ രൂക്ഷമായ കടിവെള്ള ക്ഷാമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കോതമംഗലം മണ്ഡലത്തിൽ കനാലിൽ വെള്ളം വിടാത്തതിനാൽ പമ്പിങ്ങിന് ആവശ്യമായ വെള്ളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കാൻ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത്; | എ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ കോതമംഗലം കുടിവെള്ള പദ്ധതിയുടേയും വാരപ്പെട്ടി കുടിവെള്ള പദ്ധതിയുടേയും സ്രോതസ്സ് കോതമംഗലം പുഴയാണെങ്കിലും വേനൽക്കാലങ്ങളിൽ പി.വി.ഐ.പി കനാലിൽ നിന്നും ലഭിക്കുന്ന ജലത്തെ ആശ്രയിച്ചാണ് സ്രോതസ്സിന്റെ നിലനിൽപ്പ്. നിലവിൽ ഒന്നിടവിട്ട ആഴ്ചകളിൽ മാത്രമാണ് പി.വി.ഐ.പി കനാലിൽ നിന്ന് പുഴയിലേയ്ക്ക് വെള്ളം തുറന്നു വിടുന്നത്. ആയതിനാൽ ഈ പദ്ധതികൾ ഭാഗീകമായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുന്നുള്ളൂ. ലഭ്യമാകുന്ന വെള്ളം വാൽവ് ക്രമീകരണത്തിലൂടെ പല സമയങ്ങളിലായി പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ എത്തിച്ചു കൊടുക്കുന്നുണ്ട്. |
| ബി രൂക്ഷമായ കടിവെള്ള ക്ഷാമം നേരിടുന്ന മേഖലയെന്നതിനാൽ പി.വി.ഐ. പി. കനാലുകളിൽ (high level& low level ) എല്ലാ ദിവസവും വെള്ളം തുറന്നു വിടുന്നതിന് നടപടി സ്വീകരിക്കുമോ? | ബി പദ്ധതിയ്ക്കു വേണ്ടി ലഭിക്കുന്ന വെള്ളം കുറവായതുകൊണ്ട് രണ്ട് കനാലുകളിലൂടെയും എല്ലാ ദിവസവും വെള്ളം തുറന്നു വിടുവാൻ സാധിയ്ക്കില്ല. കെ.എസ്.ഇ.ബി ഇടമലയാർ ഡാം പൂർണ്ണമായ തോതിൽ വൈദ്യുതി ഉത്പാദിപ്പിച്ചാൽ മാത്രമെ അപ്രകാരം സാദ്ധ്യമാകുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ